15

# യേശുവിന്റെ മരണം

**മത്തായി 27:50; മർക്കൊസ് 15:37;**
**ലൂക്കൊസ് 23:46; യോഹന്നാൻ 19:30**

*"യേശു, അത്യുച്ചത്തിൽ, 'പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏല്പിക്കുന്നു' എന്നു നിലവിളിച്ചു പറഞ്ഞു. ഇതു പറഞ്ഞിട്ടു, പ്രാണനെ വിട്ടു" (ലൂക്കൊസ് 23:46).*

മറ്റുള്ള മതങ്ങൾക്ക് ഇല്ലാത്തതും ഉണ്ടാവാൻ കഴിയാത്തതുമായ എന്താണ് ക്രിസ്ത്യാനിത്വത്തിനുള്ളത്? യേശുക്രിസ്തുവും അവന്റെ ക്രൂശും! നമ്മുടെ പാപങ്ങൾക്കുവേണ്ടിയുള്ള യേശുവിന്റെ യാഗത്തിനപ്പുറമായി ദൈവം മനുഷ്യനെ രക്ഷിക്കുക സാധ്യമല്ല. ക്രിസ്തുവിൽ ജീവിക്കുന്നവർ, ന്യായവിധി പരിഹരിച്ചവരാണ്. രക്ഷക്കു പുറത്തുള്ളവർക്കു, ന്യായവിധി വരുവാനിരിക്കുന്നു.

ചിലർ "വില കുറഞ്ഞ കൃപയെ," പറ്റി പറയുന്നുണ്ട്, എന്നാൽ അങ്ങനെ ഒരു "വില കുറഞ്ഞ കൃപ" ഇല്ല. കൃപ ദൈവകോപത്തെ മറെക്കുകയോ, മറക്കുകയോ അല്ലെങ്കിൽ കാണാതിരിക്കയോ ചെയ്യുന്നില്ല. പാപത്തിനുള്ള പിഴയും, ശിക്ഷയും, വിലയും സ്വീകരിക്കുന്നതാണ് കൃപ. ഓരോ പാപിയെയും ഓരോ പാപത്തെയും ശിക്ഷിക്കും – ഒന്നുകിൽ ക്രിസ്തുവിൽ അല്ലെങ്കിൽ നരകത്തിൽ. ദൈവത്തിന്റേതെല്ലാം ക്രിസ്തുവിൽ ആണുള്ളത്; ക്രിസ്തുവിനു പുറത്തു ആത്മിയാനുഗ്രഹങ്ങൾ ഒന്നുമില്ല (എഫെസ്യർ 1:3).

### യേശു മരിച്ചു

ദൈവം, ദൈവം ആക കൊണ്ടു, മരിക്കുവാൻ സാധ്യമല്ല – എങ്കിലും യേശു മരിച്ചു! അവന്റെ മരണത്തെ കുറിച്ചു, അവൻ മരിച്ച*തും എന്തിനു*വേണ്ടി മരിച്ചു എന്നും നാം അറിയണം (നമ്മുടെ പാപങ്ങൾക്ക്). പലപ്പോഴും ഊന്നൽ അവൻ *എങ്ങനെ* മരിച്ചു എന്നതിനു മാത്രമാണ്.

അത്ര പെട്ടെന്നു യേശു മരിച്ചതിൽ പിലാത്തൊസ് ഞെട്ടിപ്പോയി എന്നു നമുക്കറിയാം (മർക്കൊസ് 15:44). അപ്പോഴും, യേശു മരിച്ച കാര്യത്തിൽ അവനു സംശയമില്ലായിരുന്നു. യേശുവിനോടൊപ്പം ക്രൂശിക്കപ്പെട്ട മറ്റു രണ്ടുപേരുടേയും മരണം വേഗത്തിലാകുവാൻ അവരുടെ കാലുകൾ ഒടിക്കേണ്ടിവന്നു (യോഹന്നാൻ 19:31–34). സുവിശേഷ എഴുത്തുകാരനെ പരിശുദ്ധാത്മാവ് ഈ വിവരം ഉൾപ്പെടുത്തുവാൻ പ്രേരി

പ്പിച്ചതിനാൽ, അതു നാം അത്യാവശ്യം അറിഞ്ഞിരിക്കണം എന്ന് എഴുത്തുകാരൻ വിചാരിച്ചിരിക്കണം. യേശു വാസ്തവത്തിൽ മരിച്ചു എന്നു നാം തീർച്ചപ്പെടുത്തണം എന്നു അവൻ ആഗ്രഹിച്ചു.

ചിലർ വിചാരിക്കുന്നതു യേശു തളർച്ചയാൽ മരിച്ചു എന്നാണ്. അവനെ നിദ്രാവിഹീനനാക്കി, കഷ്ടിച്ചു ആഹാരം കഴിപ്പിക്കുകയും, യെഹൂദന്മാരുടെയും റോമാക്കാരുടെയും വിചാരണയിൽ മൃഗീയമാക്കപ്പെടുകയും ചെയ്തിരുന്നു. ഈ വിചാരണകൾക്കായി യേശു 2.6 മൈൽ നടന്നിരിക്കാമെന്നാണ് ചില പണ്ഡിതന്മാർ കരുതുന്നത്. കടുപ്പമേറിയ ചമ്മട്ടി അടിയും നടന്നു എന്നോർക്കുക. ക്ഷീണം കൊണ്ടു, യേശുവിനു ക്രൂശ് ചുമപ്പാൻ തന്നെ കഴിഞ്ഞില്ല.

ഹൃദയം നുറുങ്ങിയതുകൊണ്ടാണ് യേശു മരിച്ചതെന്നു മറ്റുള്ളവർ വിചാരിക്കുന്നു. അവൻ ശാരീരികമായി തളർന്നും വൈകാരികമായി വരണ്ടും പോയിരുന്നു. ദൈവത്തിന്റെ വിശുദ്ധമായ കോപം അവനിൽ പകർന്നിരുന്നു. ഒരു അപ്പൊസ്തലൻ അവനെ ഒറ്റിക്കൊടുക്കയും, മറ്റൊരപ്പൊസ്തലൻ അവനെ തള്ളിപ്പറയുകയും ചെയ്തു, യോഹന്നാൻ ഒഴിച്ചു, അവശേഷിച്ച മറ്റെല്ലാ അപ്പൊസ്തലന്മാരും, പിൻവാങ്ങിപോയിരുന്നു. മാനുഷികമായി പറഞ്ഞാൽ, യേശുവിനെ ഒറ്റക്കാക്കി. “അവൻ സ്വന്തത്തിലേക്കു വന്നു, സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല” (യോഹന്നാൻ 1:11).

വേറെ ചിലർ വിചാരിക്കുന്നതു യേശു മരിച്ചതു ഹൃദയ സ്ഫോടനം നിമിത്തം ആയിരുന്നു എന്നാണ്. അവന്റെ പെട്ടെന്നുള്ള മരണം ആകസ്മികമായ വേർപാടിനെയാണ് സൂചിപ്പിക്കുന്നത്.

കുറച്ചുപേർ യേശുവിനേക്കാൾ കൂടുതൽ മോശമായ പെരുമാറ്റത്തിനു വിധേയരായിട്ടുണ്ട്. അവൻ മരിച്ചതു ഹൃദയ സ്ഫോടനമോ അല്ലെങ്കിൽ ഹൃദയ സ്പന്ദനമോ എന്നുള്ളതല്ല, പ്രധാനകാര്യം എന്തെന്നാൽ അവൻ മരിച്ചു *എന്നതാണ്*, അല്ലാതെ *എങ്ങനെ* അവൻ മരിച്ചു എന്നതല്ല. മരിച്ചു എന്നു ഉറപ്പു വരുത്തുന്നതുവരെ തങ്ങളുടെ കുറ്റവാളികളെ റോമാ പടയാളികൾ വിട്ടു പോകാറില്ല. തീർച്ചയായും, യേശു മരിച്ചു!

### യേശു എനിക്കുവേണ്ടി മരിച്ചു

ക്രിസ്തു നമുക്കുവേണ്ടി ജീവിച്ചു എന്നോ നമുക്കുവേണ്ടി അദ്ധ്വാനിച്ചു എന്നോ ബൈബിൾ ഒരിക്കലും പറയുന്നില്ല, എന്നാൽ ബൈബിൾ ഊന്നി പറയുന്നതു യേശു നമുക്കുവേണ്ടി മരിച്ചു എന്നാണ്. നമ്മുടെ അകൃത്യങ്ങൾ നിമിത്തം അവൻ തകർന്നിരിക്കുന്നു എന്നാണ് യെശയ്യാവു പറഞ്ഞത് (യെശയ്യാവു 53:5). പാപമെന്ന പ്രശ്നത്തിനുള്ള ദൈവത്തിന്റെ ഉത്തരമാണ് ക്രൂശ് നൽകുന്നത്.

മരിച്ചു എന്നു ഉറപ്പുവരുത്തിയില്ലായിരുന്നെങ്കിൽ പിലാത്തൊസ് യേശുവിന്റെ ശരീരം അടക്കുവാൻ വിട്ടു കൊടുക്കുമായിരുന്നില്ല (മർക്കൊസ് 15:44–47). യേശു മരിച്ചു എന്ന കാര്യത്തിൽ അവൻ ഒരിക്കലും സംശയിച്ചില്ല. യേശുവിന്റെ മരണം ചരിത്രപരം (വേർതിരിച്ചെടുക്കൽ) ആയിരുന്നു. യേശുവിന്റെ മരണം എനിക്കു വ്യക്തിപരം

ആകുന്നു (രക്ഷാകരം). യേശു മരിച്ചു എന്നു വിശ്വസിച്ചാൽ മാത്രം പോരാ; യേശു എനിക്കുവേണ്ടി മരിച്ചു എന്നു ഞാൻ വിശ്വസിക്കണം! യേശു ക്രൂശിൽ ചെയ്തതെല്ലാം, അവൻ എനിക്കുവേണ്ടി ചെയ്തതാണ്! ദൈവം എന്നെ സ്നേഹിക്കയും എന്നെ ആഗ്രഹിക്കയും ചെയ്യുന്നു (യോഹന്നാൻ 3:16)! അത് പാടുക. ... അത് ആർക്കുക. ... "എനിക്കു ഒരു രക്ഷകൻ ഉണ്ട്!"

ഇതു ഓർമ്മിക്കുക: സുവിശേഷം ഓരോ ദിവസവും നിങ്ങളോടു തന്നെ പ്രസംഗിക്കുക. നിങ്ങളെ രക്ഷിപ്പാൻ ഒരു ക്രൂശ് വേണ്ടി വന്നു; നിങ്ങൾ രക്ഷിക്കപ്പെട്ടവരായി തുടരുവാൻ ഒരു ക്രൂശ് വേണ്ടി വന്നു. പരമോന്നത കൃപയെ പരിഗണിക്കുക.

> നിങ്ങൾക്കു കൃപ നേടുവാൻ സാധ്യമല്ല - അത് ഒരു ദാനമാണ്.
> നിങ്ങൾക്കു കൃപ വാങ്ങുവാൻ സാധ്യമല്ല - അത് വില്പനക്കുള്ളതല്ല.
> നിങ്ങൾക്കു അർഹമാക്കാവുന്നതല്ല കൃപ - അതു അനർഹമാണ്.
> നിങ്ങൾക്കു മറുവില കൊടുക്കാവുന്നതല്ല കൃപ - അതു ഒരു കടവും പുറപ്പെടുവിക്കുന്നില്ല.
> കൃപ എല്ലാറ്റിനെയും മാറ്റുന്നു - അതു രക്ഷ കൊണ്ടുവരുന്നു!

യേശു എന്റെ പാപങ്ങൾക്കുവേണ്ടി മരിച്ചു (1 കൊരിന്ത്യർ 15:1-4)! ഒരു കൊച്ചു പെൺകുട്ടി ക്രൂശിനെ കുറിച്ചു ഒരു പ്രസംഗം കേട്ടു. അവൾ ഉപദേഷ്ടാവിനോടു പറഞ്ഞു, "ഈ ലോകത്തിൽ മറ്റെന്തിനേക്കാളും അധികം നിങ്ങൾ അവനെ സ്നേഹിക്കണം, കാരണം അവൻ നിങ്ങൾക്കായി എല്ലാം ചെയ്തു." അതെ, നാം അങ്ങനെ ചെയ്യണം!

അനർഹമായ സ്നേഹം നിബന്ധന കൂടാതെയുള്ളതല്ല; "വിദൂര ദേശത്ത്" ഇരുന്നു പാപികൾക്കു രക്ഷിക്കപ്പെടാവുന്നതല്ല (ലൂക്കൊസ് 15; കെജെവി). യോഗ്യമായ പ്രവൃത്തികളാൽ നേടാവുന്നതല്ല രക്ഷ, എങ്കിലും ക്രിസ്തീയ സ്നേഹം സൽപ്രവൃത്തികളിലൂടെയാണ് പ്രകടിപ്പിക്കുന്നത് (എഫെസ്യർ 2:8-10). ആധികാരികമായ സ്നേഹം ആവശ്യപ്പെടുന്നതാണ്; അതിന്റെ നിബന്ധനകൾ ബാലിശമായതല്ല. ക്രിസ്ത്യാനിത്വം വിലപേശുന്ന ഒന്നല്ല, അത് ഒരു ദാനമാണ്. അതിനായി യേശുവിനു തന്റെ ജീവൻ വില കൊടുക്കേണ്ടി വന്നു; അതിനു വിലയായി നമ്മുടെ ജീവനും നല്കണം. കൃപ എന്നതു കുപ്പിക്കുള്ളിലെ ഭൂതം അല്ല; കൃപ ഒരു ക്രൂശ് ആണ്. ശിഷ്യത്വത്തിനു വലിയ വില കൊടുക്കണം - നിങ്ങളുടെ ജീവൻ. ക്രൂശിൽ തനിക്കുവേണ്ടിയായിരുന്നില്ല യേശുവിന്റെ ചിന്ത, നാം അവന്റെ നിസ്വാർത്ഥ മാതൃക പിൻപറ്റണം.

ആരാണ് ക്രിസ്തുവിനെ ക്രൂശിച്ചത്? ഞാൻ! ആരാണ് യേശുവിനെ ക്രൂശിൽ ആണി അടിച്ചത്? ഞാൻ! അങ്ങനെ സംഭവിക്കാൻ നാം എന്തു ചെയ്തു എന്നു മനസ്സിലാക്കുന്നതുവരെ ക്രിസ്തു നമുക്കുവേണ്ടി ചെയ്തതു നമുക്ക് മനസ്സിലാവുകയില്ല! പാപം ആത്മീയ മത്സരമാണ്. അതു നീചവും നമ്മെ ദൈവത്തിൽ നിന്നു വേർപെടുത്തുന്നതുമാണ് (യെശയ്യാവു 59:1-3). നമുക്കു സ്വയം കഴിയാതിരുന്നതാണ് യേശു നമുക്കുവേണ്ടി ചെയ്തത്. ക്രിസ്തുവിനെ കൂടാതെ, നമുക്കു നമ്മുടെ പാപ

ത്തിൽ മരിക്കുവാനേ കഴിയൂ. ക്രിസ്തുവിനെ കൊന്നു എന്നു പറഞ്ഞു പത്രൊസ് തന്റെ സദസ്യരെ കുറ്റപ്പെടുത്തി (പ്രവൃത്തികൾ 2:22–36). അവർ അതു ഭൗതികമായി ചെയ്തു; നാം അത് ആത്മിയമായി ചെയ്തു. കൃപയുടെ മഹത്വം സ്വീകരിപ്പാൻ പാപത്തിന്റെ ആഴം നാം മനസ്സിലാക്കണം. ആളുകൾ ക്രിസ്തുവിലേക്കു പരിവർത്തനം ചെയ്തില്ലെങ്കിൽ, അവർ ക്രിസ്ത്യാനിത്വം പരിശ്രമിച്ചു പരാജയപ്പെട്ടു എന്നു കരുതും; വാസ്തവത്തിൽ, അവർ അതിനു ശ്രമിച്ചിട്ടേയില്ല. നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും ഒരു ഭാവി കൊടുക്കണമെന്നുണ്ടെങ്കിൽ, അവർക്കു ക്രൂശ് കൊടുക്കുക. ക്രൂശീകരണം ലോകത്തിന്റെ സൃഷ്ടിയെയും, നമ്മുടെ ഇപ്പോഴത്തെ ജീവിതത്തെയും, നമ്മുടെ ഭാവിയെയും വിവരിക്കുന്നതാണ്. "ഞാൻ കാരണമാണ് അങ്ങനെ സംഭവിച്ചതു" എന്ന്, നാം സ്വയം ഓർമ്മപ്പെടുത്തണം.

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

© 2009 Truth for Today